**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2489** **27-02-2023 - ൽ മറുപടിയ്ക്ക്**

**സിറ്റി ഗ്യാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ സിറ്റി ഗ്യാസ് വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ M/s AGP സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനെയും (AGPL) പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഷോളഗാസ്കോ ലിമിറ്റഡനെയും എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ M/s ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനെയുമാണ് (IOAGPL) പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത്.<br><br>തിരുവനന്തപുരം ജില്ലയിലെ കൊച്ചുവേളിയിൽ AGPL ലിക്വിഫൈഡ് കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് സ്റ്റേഷൻ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇത് തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വീട്ടുകളിലേക്കും / വാണിജ്യ / വ്യവസായ സ്ഥാപനങ്ങളിലേക്കും പൈപ്പ് വഴിയുള്ള പ്രകൃതിവാതകത്തിന്റെ (PNG) ഉറവിടമായിരിക്കും. തിരുവനന്തപുരം ജില്ലയിലെ വെട്ടുകാട്, ശംഖുമുഖം, ചാക്ക, പാൽക്കുളങ്ങര, ശ്രീകണ്ഠേശ്വരം, ശ്രീവരാഹം, കമലേശ്വരം, പെരുന്താന്നി, മുട്ടത്തറ തുടങ്ങിയ സ്ഥലങ്ങളിൽ പൈപ്പ് വഴിയുള്ള പ്രകൃതിവാതക കണക്ഷനുകൾ നല്കിയിട്ടുണ്ട്.<br><br>സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ പ്രകൃതി വാതക പൈപ്പലൈനുകൾ സ്ഥാപിക്കുകയും, CNG സ്റ്റേഷനുകളിലേക്കും, ഗാർഹിക, വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിലേക്കും പ്രകൃതി വാതകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ നിലവിൽ CNG സ്റ്റേഷനുകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. പി എൻ ജി ആർ. ബി-യുമായുള്ള അംഗീകാര പത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി സിറ്റി ഗ്യാസ് വിതരണ പദ്ധതി നടപ്പിലാക്കാനാണ് കമ്പനികൾ ലക്ഷ്യമിടുന്നത്. |
| (ബി) | എറണാകുളം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതെന്നും എത്ര വീടുകളിൽ ഇതിന്റെ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | എറണാകുളം ജില്ലയിലെ ആലുവ, പറവൂർ, കണയന്നൂർ, കുന്നത്തുനാട് എന്നിവിടങ്ങളായി 14 സി.എൻ.ജി സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലയിൽ നാളിതുവരെ 35868 വീടുകളിലും, 8 വ്യവസായ സ്ഥാപനങ്ങളിലും, 15 വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഇടയാർ, അങ്കമാലി, കളമശ്ശേരി വ്യവസായ മേഖലകളിലും പ്രകൃതി വാതക പൈപ്പ്ലൈൻ ലഭ്യമാക്കിയിട്ടുണ്ട്, നടപ്പ സാമ്പത്തിക വർഷത്തിൽ നാൽപതിനായിരം വീടുകളിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് M/s ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) ലക്ഷ്യമിട്ടിട്ടുണ്ട്. ജില്ലയിലെ താലൂക്കുകളായ കൊച്ചി, കോതമംഗലം, മൂവാറ്റുപുഴ തുടങ്ങിയ പ്രദേശങ്ങളിലും ഉടനെ തന്നെ പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. |
| (സി) | ബാക്കിയുള്ള പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | എറണാകുളം ജില്ലയിലെ ആലുവ, പറവൂർ, കണയന്നൂർ, കുന്നത്തുനാട് എന്നിവിടങ്ങളായി 14 സി.എൻ.ജി സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലയിൽ നാളിതുവരെ 35868 വീടുകളിലും, 8 വ്യവസായ സ്ഥാപനങ്ങളിലും, 15 വാണിജ്യ സ്ഥാപനങ്ങളിലും പ്രകൃതി വാതകം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഇടയാർ, അങ്കമാലി, കളമശ്ശേരി വ്യവസായ മേഖലകളിലും പ്രകൃതി വാതക പൈപ്പ്ലൈൻ ലഭ്യമാക്കിയിട്ടുണ്ട്, നടപ്പ സാമ്പത്തിക വർഷത്തിൽ നാൽപതിനായിരം വീടുകളിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് M/s ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) ലക്ഷ്യമിട്ടിട്ടുണ്ട്. ജില്ലയിലെ താലൂക്കുകളായ കൊച്ചി, കോതമംഗലം, മൂവാറ്റുപുഴ തുടങ്ങിയ പ്രദേശങ്ങളിലും ഉടനെ തന്നെ പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. |
| (ഡി) | പെരുമ്പാവൂർ, നോർത്ത്പറവൂർ, വെല്ലിങ്ടൺ ഐലന്റ്, മറൈൻ ഡ്രൈവ് തുടങ്ങിയ | (ഡി) | നിലവിൽ പെരുമ്പാവൂരിലും, നോർത്ത് പറവൂരിലും ഓരോ സി.എൻ.ജി. സ്റ്റേഷൻ വീതം |

| | | | |
|---|---|---|---|
| | പ്രദേശങ്ങളിൽ സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | | സ്ഥാപിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ വെല്ലിങ്ടൺ ഐലൻഡ്, മറൈൻ ഡ്രൈവ് തുടങ്ങിയ പ്രദേശങ്ങളിലും സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കാൻ കമ്പനി ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) | പെട്രോനെറ്റ് എൽ.എൻ.ജി. സ്ഥിതിചെയ്യുന്ന എന്ന പരിഗണന നൽകി വൈപ്പിൻ നിയോജക മണ്ഡലത്തിന് ഈ പദ്ധതിയുടെ എന്ത് ആനുകൂല്യമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) | പെട്രോനെറ്റ് എൽ.എൻ.ജി സ്ഥിതിചെയ്യുന്ന പ്രദേശമെന്ന പരിഗണന നൽകി പുതു വൈപ്പിൻ പ്രദേശത്തു സർവ്വേ ചെയ്തു സി.എൻ.ജി പമ്പുകളും, ഗാർഹിക കണക്ഷനുകളും നൽകുന്നതിനായുള്ള നടപടികൾ കമ്പനി സ്വീകരിക്കും. |
| (എഫ്) | പുതുവൈപ്പിൽ സർവേ നടത്തി സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (എഫ്) | പെട്രോനെറ്റ് എൽ.എൻ.ജി യുടെ സമീപ പ്രദേശത്തു സ്ഥിതി ചെയ്യുന്ന കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കീഴിലുള്ള സ്ഥലത്തു സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നതിനായി സാധ്യത പഠനം ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) നടത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കമ്പനി ഈ പ്രദേശത്തു സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നതാണ് കൂടാതെ വൈപ്പിൻ, പുതുവൈപ്പിൻ പ്രദേശങ്ങളിലെ ഓയിൽ മാർക്കറ്റിംഗ് കമ്പനിയുടെ കീഴിലുള്ള പമ്പുകളിലും സി.എൻ.ജി സ്റ്റേഷനുകൾക്കായുള്ള സാധ്യത പഠനം നടത്തിയിട്ടുണ്ട് അവിടെയും വരും വർഷങ്ങളിൽ സി.എൻ.ജി പമ്പുകൾ സ്ഥാപിക്കാനാണ് കമ്പനി ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ